31582/2022/IT EMC

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഊർജ്ജ വകുപ്പ്- 2012 -ലെ കേരള ചെറുകിട ജലവൈദ്യുത നയം-ഖണ്ഡിക 11- ൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ഊർജ്ജ (ബി) വകുപ്പ്

സ.ഉ.(കൈ) നം.9/2022/POWER തീയതി,തിരുവനന്തപുരം, 18-06-2022

പരാമർശം:- 1. സ.ഉ(കൈ) നം 25/2012/ഊ.വ, തീയതി 03.12.2012

2. 17.09.2021 -ലെ ഇ. എം .സി ഡയറക്ടറുടെ EMC/428/2021-ETB-5- നമ്പർ കത്ത്

## ഉത്തരവ്

പുനരുപയോഗ യോഗ്യമായ ഊർജ്ജമായ (ഹരിത ഊർജ്ജം) ചെറുകിട ജലവൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി അരുവികളിലെയും നദികളിലെയും ഒഴുകുന്ന ജലം ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നത് 2003 വർഷം മുതൽ തന്നെ സർക്കാർ പ്രോത്സാഹിപ്പിച്ചു വരികയാണ്. ഇത്തരം ചെറുകിട ജലവൈദ്യുത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി പരാമർശം (1) പ്രകാരം ചെറുകിട ജലവൈദ്യുത നയം 2012 രൂപികരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. കൂടുതൽ ചെലവ് കുറഞ്ഞ പുനരുപയോഗ യോഗ്യമായ ഊർജ്ജം ലഭിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനായി താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ചു നൽകുന്നതിനുള്ള ടെണ്ടറുകൾ ക്ഷണിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ നിലവിലുള്ള ചെറുകിട ജലവൈദ്യുത നയത്തിൽ ഇതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടില്ല. ആയതിനാൽ താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിനുള്ള വ്യവസ്ഥ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് 2012 ലെ ചെറുകിട ജലവൈദ്യുത നയം ഭേദഗതി വരുത്തേണ്ടതുണ്ട്

3. തുടർന്ന് പരാമർശം (2) പ്രകാരം 2012-ലെ ചെറുകിട ജലവൈദ്യുത നയത്തിലെ ഖണ്ഡിക 1.1 ഭേദഗതി വരുത്തുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ താഴെ പറയുന്ന നിർദ്ദേശം സർക്കാരിനു സമർപ്പിക്കുകയുണ്ടായി.

| Clause No | Existing Clause in SHP Policy 2012 | Amendment proposed in Clause |
|---|---|---|
| 11.1 | The allotment process shall be done in two stages. In the first stage, bidders will submit request for qualification (RFQ), which will be evaluated based on their financial strength. In the second stage, the short-listed applicants will be requested for proposals and bids. For each project, the short-listed applicant will be required to quote for a premium per MW, payable upfront, to the Government. | The allotment process shall be done in two stages. In the first stage, bidders will submit request for qualification (RFQ), which will be evaluated based on their financial strength. In the second stage, the short-listed applicants will be requested for proposals and bids. For each project, the short-listed applicants will be required to quote for a premium per MW payable or a tariff for sale of power for the allotted project based on allotment procedure prescribed in RFP (Request for Proposal) document and as per the following<br><br>i. In Premium Based Bidding, applicants will be required to quote the Premium per MW (pro-rata), subject to the minimum threshold premium as per clause 11.2(i), payable upfront to the Government/SHP Cell.<br><br>ii. In Tariff Based Bidding, applicants will be required to quote ceiling tariff at which the applicants will sell power produced, along with payment of the premium as per clause 11.2(ii), payable upfront to the Government/SHP Cell. |

| | | |
|---|---|---|
| 11.2 | The minimum threshold premium shall be Rs.15 Lakh per MW. | The premium shall be the following:<br>i. In Premium Based Bidding, minimum threshold premium shall be Rs. 15 Lakh per MW (pro-rata).<br>ii. In Tariff Based Bidding, fixed premium shall be Rs. 15 Lakh per MW (pro-rata). |
| 11.3 | Project will be allotted to the bidder making highest bids. | Projects will be allotted to<br>i. In Premium Based Bidding, the bidder quoting the highest upfront premium shall be allotted the project.<br>ii. In Tariff Based Bidding, the bidder quoting the lowest Ceiling Tariff shall be allotted the project. |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ ഖണ്ഡിക(3) ൽ കൊടുത്തിട്ടുള്ള പട്ടികയിലെ column (3)ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 2012-ലെ കേരള ചെറുകിട ജലവൈദ്യുത നയത്തിലെ ഖണ്ഡിക 11-ൽ ഭേദഗതി വരുത്തി സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി

To

ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിസിറ്റി ബോർഡ്

ലിമിറ്റഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(A&E), തിരുവനന്തപുരം

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

പൊതു ഭരണ (എസ് .സി) വകുപ്പിന് ( 15.06.2022-ലെ ഇനം നമ്പർ. 815 പ്രകാരം)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ